**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1585** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഞങ്ങളും കൃഷിയിലേക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്ന ആശയത്തിൽ ഊന്നിക്കൊണ്ട് ആരംഭിച്ച ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | എല്ലാ കേരളീയരിലും കാർഷിക സംസ്കാരം ഉണർത്തുക, സ്ഥായിയായ കാർഷിക മേഖല സൃഷ്ടിക്കുക, ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തുക , കാർഷിക മേഖലയിലെ മൂല്യ വർദ്ധനവ് പ്രയോജനപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, ഓരോ കേരളീയ ഭവനവും വിഷരഹിത ഭക്ഷണ ഉൽപ്പാദനത്തിൽ പങ്കാളിയാകുക, കാർഷിക കൂട്ടായ്മയിലൂടെ 3 ലക്ഷം തൊഴിലവസരങ്ങൾ കാർഷിക മേഖലയിൽ 2026-ഓടുകൂടി സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ആരംഭിച്ച തുടർ പദ്ധതിയായ "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന ജനകീയ ക്യാമ്പയിനിലൂടെ കാർഷിക മേഖലയിൽ നവഊർജം നൽകുവാനും ഉല്പാദന സേവന വിപണന മേഖലകളിലായി 23245കൃഷിക്കൂട്ടങ്ങൾ സംസ്ഥാനത്ത് രൂപീകരിക്കുവാനുമായി. പാരമ്പര്യ കർഷകരെയും സ്ത്രീകൾ ,യുവാക്കൾ ,പ്രവാസികൾ ഉൾപ്പെടുന്ന നവകർഷകരെയും ഉൾപ്പെടുത്തി രൂപികരിച്ച ഈ കൃഷിക്കൂട്ടങ്ങൾ ഉല്പാദന മേഖലക്കൊപ്പം സേവന മൂല്യവർദ്ധന മേഖലയിലും ഫലപ്രദമായ ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. |
| (ബി) | പ്രസ്തുത പദ്ധതി ഏതെല്ലാം വകുപ്പുകളുമായി സംയോജിപ്പിച്ചുകൊണ്ടാണ് നടത്തുന്നതെന്ന് അറിയിക്കുമോ; | (ബി) | തദ്ദേശ സ്വയംഭരണം, മൃഗസംരക്ഷണം, ക്ഷീര വികസനം, ഫിഷറീസ്, സാമൂഹ്യ നീതി, ആരോഗ്യം, വ്യവസായം, ജലവിഭവം, യുവജനക്ഷേമം എന്നീ വകുപ്പുകളുമായി സംയോജിപ്പിച്ചാണ് "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയും തുടർ പദ്ധതിയും നടപ്പിലാകുന്നത്. |
| (സി) | പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് തരത്തിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | "ഞങ്ങളും കൃഷിയിലേക്ക്" ക്യാമ്പയിന്റെ രണ്ടാം ഘട്ടമായി ആരംഭിച്ച സമഗ്ര പദ്ധതിയായ "കൃഷി സമൃദ്ധി"യിൽ പ്രാദേശിക സാമ്പത്തിക വികസനത്തിൽ കാർഷിക മേഖലയെ ഫലപ്രദമായി ഉപയോഗപ്പെടുത്തുകയാണ്. വിവധ വകുപ്പുകളെ |

| | | | |
|---|---|---|---|
| | | | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും കൃഷിവകുപ്പന്റെയും നേതൃത്വത്തിൽ ഭൗതികമായും സാമ്പത്തികമായും ഏകോപ്പിച്ച് ഘട്ടംഘട്ടമായി കേരളത്തിലെ മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും വ്യാപിപ്പിക്കുന്ന കൃഷിസമൃദ്ധിയുടെ ആദ്യഘട്ടം തെരഞ്ഞെടുക്കപ്പെട്ട 107 തദ്ദേശ ഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വാർഡ് തലത്തിൽ അതാതു പ്രദേശത്തിന്റെയും വിളകളുടെയും പ്രത്യേകതയെ അടിസ്ഥാനമാക്കി ജനകീയ പങ്കാളിത്തത്തോടെ ഉല്പാദന വിള നിർണ്ണയ വിപണന രേഖ തയ്യാറാക്കുന്നു. ഉല്പാദന വർദ്ധനവിനും കൃഷി വ്യാപനത്തിനും കാർഷിക സേവനങ്ങൾ, ഉല്പാദനോപാധികൾ എന്നിവ ലഭ്യമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും, ധനസഹായങ്ങൾ, മൂല്യവർദ്ധനവ്, വിപണനം, നൂതന കൃഷി രീതികൾ എന്നിവ സാധ്യമാക്കുന്ന കൃഷി വകുപ്പിന്റെയും ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും സംഘടനകളുടെയും ബന്ധപ്പെട്ട പദ്ധതികൾ കണ്ടെത്തി ഏകോപിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>കൃഷി വകുപ്പ് രൂപം കൊടുത്ത് പ്രവർത്തനം ആരംഭിച്ച 'കതിർ' ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെയാണ് കൃത്യതയാർന്ന വിവര ശേഖരണം സാധ്യമാക്കുന്നത്. വാർഡ് തലത്തിൽ രൂപീകരിക്കുന്ന ഉൽപ്പാദന വിള നിർണ്ണയ വിപണന രേഖ അനുസരിച്ച് പ്രാദേശികാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പദ്ധതി ഘടകങ്ങൾ കണ്ടെത്തുകയും ആയതിന്റെ പട്ടിക തയ്യാറാക്കുകയും ചെയ്യുന്നു. നിലവിലുള്ള കൃഷിക്കൂട്ടങ്ങളെ ശാക്തീകരിച്ചും പുതിയ കൃഷിക്കൂട്ടങ്ങൾ ആവശ്യകത വിലയിരുത്തി രൂപീകരിച്ചും പദ്ധതി നടപ്പിലാക്കും പ്രവർത്തന സജ്ജമായ കൃഷിക്കൂട്ടങ്ങളെ കൂട്ടിയിണക്കി എഫ്.പി.ഒ കൾ (കർഷക ഉത്പാദക സംഘടനകൾ) സാധ്യമായ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും "കൃഷിസമൃദ്ധി" യുടെ ഭാഗമായി രൂപീകരിക്കും കൃഷിക്കൂട്ടങ്ങളുടെ ഒരു ഫെഡറേഷൻ തദ്ദേശ അടിസ്ഥാനത്തിൽ രൂപീകരിച്ച ചാരിറ്റബിൾ സൊസൈറ്റി ആക്റ്റിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാനുള്ള നടപടികളും ആരംഭിച്ച കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ